കോർപ്പറേഷൻ നിലനിറുത്തുന്നതിനും സമഗ്രമായ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനും വേണ്ട നടപടികൾ എടുത്തിട്ടുണ്ട്. 1997-98-ൽ ആറുകോടി രൂപയും 1999-2000-ൽ എട്ടു കോടി രൂപയും മൂലധനനിക്ഷേപമായി നൽകുകയുണ്ടായി. 2000-2001, 2001-2002 വർഷങ്ങളിലേക്ക് 10 കോടി രൂപവീതം ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് പരമാവധി ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാലും, കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക നില പരിഗണിച്ചുകൊണ്ട് കുറേക്കൂടി പരിഗണന കെ.എസ്.ആർ.ടി.സി.ക്ക് ലഭിക്കേണ്ടതാണ്. അന്യസംസ്ഥാനങ്ങളിൽ പലതിലും ആർ.ടി.സി.കൾ സാമ്പത്തിക പ്രതിസന്ധിയിൽ ആകുന്ന അവസരത്തിൽപോലും അതിനെ രക്ഷപ്പെടുത്തുവാനുള്ള നടപടികൾ അവർ നടത്തിവരുന്നുണ്ട്. ആ രീതിയിലുള്ള ചർച്ചകളും പരിഗണനകളും ഈ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകാനുള്ള ചർച്ചകളും വളരെ സജീവമായി നടക്കുന്നുണ്ട്.

(18) താനൂർ മണ്ഡലവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് സർവ്വീസ് നടത്തിയിരുന്ന ഏഴ് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഇടക്കാലത്ത് നിർത്തിവയ്ക്കുകയുണ്ടായി. തൃശ്ശൂർ-താനൂർ, എറണാകുളം-കോഴിക്കോട്, കോഴിക്കോട്-തിരുവനന്തപുരം, പൊന്നാനി-താനൂർ, പൊന്നാനി-കോഴിക്കോട് എയർപോർട്ട്, മലപ്പുറം-താനൂർ, ആലുവ-കോഴിക്കോട് എന്നിവയാണവ. ഈ സർവ്വീസുകൾ പുനരാരംഭിക്കണം എന്നുള്ള എന്റെ നിവേദനങ്ങളും നിയമസഭയിലെ ചോദ്യങ്ങളും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ തുടങ്ങിയതാണ്. അതിനുശേഷം എം.എൽ.എ. സർവ്വീസായി തിരുവനന്തപുരം-പരപ്പനങ്ങാടി ഒരു ബസ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ, ഇതുവരെയായി ഈ കാര്യത്തിന് അനുകൂലമായ തീരുമാനം ഉണ്ടായില്ല. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ തന്ന മറുപടിയിൽ മൂന്ന് കാര്യങ്ങളാണ് പറഞ്ഞത്. താനൂർ മേഖല പ്രൈവറ്റ് ബസുകളുടെ കടുത്ത മത്സരം നേരിടുന്ന സ്ഥലമാണ് കാരണം. നമ്മുടെ സംസ്ഥാനത്ത് പ്രൈവറ്റ് ബസുകളുടെ മത്സരം നേരിടാത്ത ഏതു മേഖലയാണുള്ളത്? അതുപോലെ തന്നെ ദേശസാൽകൃത റൂട്ടുകളിൽ ബസുകൾ കൂടുതൽ ഓടിക്കേണ്ടതുകൊണ്ട് ഈ ഭാഗങ്ങളിൽ ബസുകൾ തരാൻ കഴിയുന്നില്ല എന്നതാണ് മറ്റൊരു കാരണം. ദേശസാൽകൃത റൂട്ടുകൾ അല്ലാതെ തന്നെ മറ്റു റൂട്ടുകളിൽ ഒരുപാട് കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഇപ്പോൾ ഓടുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇപ്പോൾ ശ്രീ. തമ്പാനൂർ രവിയുടെ സബ്മിഷനുള്ള മറുപടിയിലും കഴിഞ്ഞ നാലഞ്ചു വർഷമായി തുടങ്ങിയ സർവ്വീസുകളുടെ എണ്ണവും നിരത്തിലിറക്കിയ ബസുകളുടെ എണ്ണവും പറയുകയുണ്ടായി. മലപ്പുറം ജില്ല മറ്റു പല കാര്യങ്ങളിലുമെന്നപോലെ കെ.എസ്.ആർ.ടി.സി.യുടെ കാര്യത്തിലും കടുത്ത അവഗണന നേരിടുകയാണ്. പ്രത്യേകിച്ചും എന്റെ നിയോജക മണ്ഡലവും ആ മണ്ഡലത്തിൽ ഉൾപ്പെടുന്ന തീരദേശപ്രദേശങ്ങളും തീരദേശ പ്രദേശങ്ങളുടെ പ്രത്യേകത കണക്കിലെടുത്ത് നേരത്തെ നിർത്തിവച്ച ബസുകളും എം.എൽ.എ. സർവ്വീസുകളും ഉടനെ ആരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു): അദ്ദേഹത്തിന്റെ സബ്മിഷന് മറുപടി പറയുന്നതിനു മുമ്പ് ഒരുകാര്യം പറഞ്ഞു കൊള്ളട്ടെ. അടുത്ത കാലത്ത് ഏറ്റവും കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിച്ചത് മലപ്പുറം ജില്ലയിലാണ്. നിലമ്പൂർ ഡിപ്പോയിലായാലും അതുപോലെതന്നെ ബഹുമാനപ്പെട്ട അംഗം പറഞ്ഞിരിക്കുന്ന താനൂർ മണ്ഡലത്തിലൂടെയായാലും ആറു ബസുകൾ പുതുതായി പൊന്നാനിയിൽ നിന്നും ഗുരുവായൂരിൽ നിന്നും കോഴിക്കോട്ടേക്കും തിരിച്ചും സർവ്വീസ് നടത്തുന്നുണ്ട്. സർവ്വീസുകൾ വേണം. പക്ഷേ, മലപ്പുറം ജില്ലയിൽ പുതുതായി എത്ര സർവ്വീസുകൾ നടത്തി എന്നു പറയാം. സർവ്വീസ് നിർത്തിവച്ചിരിക്കുന്ന താനൂർ നിയോജകമണ്ഡലത്തിലൂടെയുള്ള ഏഴു കെ.എസ്.ആർ.ടി.സി. സർവ്വീസുകളും പുനരാരംഭിക്കണമെന്നും എം.എൽ.എ. സർവ്വീസായി തിരുവനന്തപുരം-പരപ്പനങ്ങാടി സർവ്വീസ് ആരംഭിക്കണമെന്നും ശ്രീ. അബ്ദുറബ്ബ് എം.എൽ.എ. ആവശ്യപ്പെട്ടു. നിർത്തി വച്ചിരിക്കുന്ന ഏഴ് സർവ്വീസുകൾ താഴെ പറയുന്നവയാണ്. തൃശ്ശൂർ-താനൂർ, എറണാകുളം-കോഴിക്കോട് വഴി പരപ്പനങ്ങാടി, കോഴിക്കോട്-പരപ്പനങ്ങാടി, തിരുവനന്തപുരം-പൊന്നാനി-താനൂർ, പൊന്നാനി-പരപ്പനങ്ങാടി-കോഴിക്കോട് എയർപോർട്ട്, മലപ്പുറം-താനൂർ, ആലുവ-കോഴിക്കോട്. താനൂർ മേഖല പ്രൈവറ്റ് ബസുകളുടെ കടുത്ത മത്സരം നേരിടുന്ന ഒരുസ്ഥലമാണ്. വരുമാനക്കുറവുകാരണം നിർത്തി വച്ചിരിക്കുന്ന ഈ ഏഴു സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് തൽക്കാലം ബുദ്ധിമുട്ടുണ്ട്. തിരുവനന്തപുരം-തൃശ്ശൂർ, സെക്ടറിൽ തന്നെ കെ.എസ്.ആർ.ടി.സി. ധാരാളം ബസുകൾ നടത്തുന്നുണ്ട്, തൃശ്ശൂർ-താനൂർ-പരപ്പനങ്ങാടി സെക്ടറുകളിൽ പ്രൈവറ്റ് ബസുകൾ ധാരാളമുണ്ട്. വാഹനങ്ങളുടെ കുറവുകാരണം തിരുവനന്തപുരത്തുനിന്നും പരപ്പനങ്ങാടിയിലേക്ക് പുതിയ സർവ്വീസുകൾ ആരംഭിക്കാൻ ബുദ്ധിമുട്ടാണ്. നമ്മൾ തൃശ്ശൂർ വന്നിട്ട് തിരുവനന്തപുരത്തേക്കു വരുന്ന ബസുകളെ നോക്കിയാൽ ഒരു രണ്ടുമൂന്ന് മിനിട്ടു കൂടുമ്പോൾ ബസുകൾ വരികയും ആ ബസുകളിലൊക്കെ പകുതിപോലും ആളില്ലാത്ത അവസ്ഥയുള്ളതായും കാണാം. അപ്പോൾ തൃശ്ശൂരിൽ നിന്നും തിരുവനന്തപുരത്തിനുള്ള റൂട്ടിൽ ആവശ്യത്തിനുമാത്രം ബസുകൾ ഓടിക്കുക. ഈ സമീപനം സ്വീകരിക്കുന്നു. ആ രൂപത്തിലുള്ള ഒരു സംവിധാനം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അതേയവസരത്തിൽ മലപ്പുറം ജില്ലയുടെ എല്ലാ ഭാഗത്തും പ്രൈവറ്റ് സർവ്വീസുകൾ നടത്തുന്നില്ല എന്നുള്ള ആക്ഷേപം ആണ്. അതാണ് ഞാൻ പറഞ്ഞത് നിലമ്പൂരിൽ ആവശ്യമുള്ള സ്ഥലത്തേക്ക് ബസ് ഓടിക്കുന്നില്ല. ഇപ്പോൾ വഴിക്കടവിലേക്ക് സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും മലയോര ഭാഗങ്ങളിൽ കൂടിയും ബസുകൾ ഓടിക്കുന്നുണ്ട്. നിലമ്പൂരിൽ നിന്നും ഇടുക്കി ജില്ലയിലേക്ക് കുടിയേറ്റ മേഖലയിലേക്ക്, ബസുകൾ ഓടിക്കുന്നുണ്ട്. അതുപോലെതന്നെ കടലോര മേഖലയായ താനൂർ, പൊന്നാനി പ്രദേശങ്ങളേയും പരിഗണിച്ചുകൊണ്ട് സർവ്വീസ് ആരംഭിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ അഭിപ്രായം വളരെ ഗൗരവമായി പരിഗണിക്കും. പരപ്പനങ്ങാടിയിലൂടെ കെ.എസ്.ആർ.ടി.സി. ബസുകൾ പഴയതിൽ നിന്നും വ്യത്യസ്തമായി വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഏതായാലും

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട അംഗം ഇവിടെ ആവശ്യപ്പെട്ട ബസുകൾ ഓടുന്നുണ്ട്. ഓടുന്നില്ല എന്നു പറയാൻ പറ്റില്ല. പൊന്നാനി ഡിപ്പോയിൽ നിന്നും കോഴിക്കോട് ഡിപ്പോയിൽ നിന്നുമായി ബസുകൾ ഓടുന്നുണ്ട്. ഇതുവരെയായി കെ.എസ്.ആർ.ടി.സി. ബസുകൾ ആ വഴിക്ക് ഓടിയിരുന്നില്ല. കോഴിക്കോട് ഡിപ്പോയിൽ നിന്നും പൊന്നാനി ഡിപ്പോയിൽ നിന്നും ഗുരുവായൂർ ഡിപ്പോയിൽ നിന്നും മറ്റു വഴിക്ക് പോകുന്ന ബസുകൾ കുറ്റിപ്പുറം, തിരൂർ, താനൂർ, പരപ്പനങ്ങാടി വഴി പോകാനാണ് തീരുമാനിച്ചത്. അങ്ങനെ ഓടിക്കൊണ്ടിരിക്കുകയാണ്. അതിനു പുറമേ ഇവിടെ പറഞ്ഞിരിക്കുന്ന നേരത്തെ ഓടിയ ബസുകൾ എന്ത് കാരണത്താൽ ഓടിക്കുന്നില്ല എന്നു ഞാൻ പരിശോധിക്കാം.

(19) ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിൽ നിന്ന് എറണാകുളം തൃശ്ശൂർ ജില്ലകൾക്ക് ജലസേചനത്തിനും കുടിവെള്ളത്തിനും വെള്ളം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. ജെ. ജോയി : സർ, ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിൽ നിന്നും ചാലക്കുടി, കൊടകര, ഇരിങ്ങാലക്കുട, മാള നിയോജകമണ്ഡലങ്ങളിലും എറണാകുളം ജില്ലയിലെ അങ്കമാലി-വടക്കേകര നിയോജകമണ്ഡലങ്ങളിലും ജലസേചനത്തിനും കുടിവെള്ളത്തിനും വെള്ളം ലഭ്യമാക്കാത്ത സാഹചര്യമാണ് ഇന്നുള്ളത്. പെരിങ്ങൽകുത്ത് ഹെഡ്രോ ഇലക്ട്രിക് പ്രോജക്ടിലെ ടർബൈനുകൾ പ്രവർത്തിപ്പിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തിയിരിക്കുകയാണ്. ടർബൈനുകൾ പ്രവർത്തിപ്പിച്ചാൽ മാത്രമേ വെള്ളം ലഭ്യമാകൂ എന്നുള്ള നിലയ്ക്ക് ഈ ടർബൈനുകളുടെ പ്രവർത്തനം സുഗമമാക്കാൻ കഴിയണം. അതുതന്നെയുമല്ല, തമിഴ്നാട്ടിലെ അപ്പർ ഷോളയാറിൽ നിന്നും അന്തർസംസ്ഥാന നദീജലകരാർ പ്രകാരം ലഭ്യമാക്കേണ്ട വെള്ളവും ലഭിക്കുന്നില്ല എന്നുള്ള പരാതി നിലനിൽക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കം ഇടപെട്ട് അതിനൊരു പരിഹാരമുണ്ടാക്കണം ഇപ്പോഴുള്ള വെള്ളം ടർബൈയിനുകൾ പ്രവർത്തിപ്പിച്ചോ. അതുമല്ലെങ്കിൽ നേരിട്ട് വെള്ളം തുറന്നു വിട്ടുകൊണ്ടോ ചാലക്കുടി ഇറിഗേഷൻ പ്രോജക്ടിന്റെ കനാലുകളിലൂടെ വെള്ളം ഒഴുക്കിവിട്ടില്ലെങ്കിൽ ഞാൻ നേരത്തെ പറഞ്ഞ തൃശ്ശൂർ, എറണാകുളം ജില്ലകളിലെ വിവിധ നിയോജകമണ്ഡലങ്ങളെ വളരെ ഗുരുതരമായി ബാധിക്കും. അത് കുടിവെള്ളത്തേയും ജലസേചനത്തേയും ബാധിക്കുമെന്നുള്ളതുകൊണ്ട് അടിയന്തിരമായി വെള്ളം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. കെ.എസ്.ഇ.ബി. ടർബൈനുകൾ പ്രവർത്തിപ്പിക്കുന്നതിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണം എടുത്തുകളയാൻ ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, പെരിങ്ങൽകുത്ത് റിസർവോയറിൽ ലഭ്യമാകുന്ന ജലം മുഴുവൻ പെരിങ്ങൽകുത്ത് പവർ ഹൗസിൽ ഉപയോഗിച്ച് ചാലക്കുടിപ്പുഴയിലേക്ക് ഒഴുക്കി വിടുകയാണ് ചെയ്യുന്നത്. പെരിങ്ങൽകുത്ത് റിസർവോയറിലെ ജലലഭ്യത എന്നു പറയുന്നത് കേരളാതിർത്തിയിലെ ഷോളയാർ റിസർവോയറിലേക്ക് തമിഴ്നാട് അതിർത്തിക്കുള്ളിലെ അപ്പർ ഷോളയാർ റിസർവോയറിൽ നിന്നും ജലം തമിഴ്നാട് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ടാണ് ഇരിക്കുന്നത്. ഒരു വർഷം

LIBRARY ARCHIVES Kerala Legislative Assembly